ആലപ്പുഴ ജില്ലയിലെ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

78(2066) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സഹകരണ വകുപ്പിന്റെകീഴിൽ എത്ര കർഷക സേവന കേന്ദ്രങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ചിട്ടുള്ളത് ; എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത കർഷക സേവന കേന്ദ്രങ്ങൾ, ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ 5 കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ടി കർഷക സേവന കേന്ദ്രങ്ങളുടെ പേരും ആയത് സ്ഥിതിചെയ്യുന്ന സ്ഥലവും താഴെ ചേർക്കുന്നു :

ക്രമ നമ്പർ	പേര്	താലൂക്ക്
1.	പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1282	കാർത്തികപ്പള്ളി
2.	പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ എ.122	കുട്ടനാട്
3.	ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 3553	മാവേലിക്കര
4.	കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1300	ചേർത്തല
5.	പാണാവള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 901	ചേർത്തല

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ എ. 122

കുട്ടനാട് താലൂക്കിലെ പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ എ. 122-ന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള കർഷക സേവന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ ചെയ്തിട്ടുണ്ട് :

1. കർഷകർക്ക് അവരുടെ പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് അനുവദിച്ച ധനസഹായം ഉപയോഗിച്ച് വാങ്ങിയ ട്രാക്ടറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പാം ഷ്രെബർ, സ്പ്രേയർ, റോക്കർ എന്നീ കാർഷികാനുബന്ധ ഉപകരണങ്ങൾ വാടകയ്ക്ക് കർഷകർക്ക് നൽകിവരുന്നു.

2. വിത്ത്, വളം, കീടനാശിനി എന്നിവ കർഷകർക്ക് കർഷക സേവന കേന്ദ്രംവഴി നൽകിവരുന്നു.

3. ജലസേചനാവശ്യത്തിന് പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 23 കർഷകർക്ക് വായ്പ നൽകിയിട്ടുണ്ട്.

കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1300

ചേർത്തല താലൂക്കിലെ കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലി.നം. 1300-ന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കർഷക സേവനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ കർഷകർക്ക് നൽകിവരുന്നു. :

1. കർഷകസേവന കേന്ദ്രത്തിന്റെ കീഴിൽ രൂപീകരിച്ച കർഷകസേനയ്ക്ക് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്നും കാർഷിക വൃത്തിയിൽ 20 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.

2. കർഷക സേവനകേന്ദ്രത്തിന്റെ കീഴിൽ ജൈവ പച്ചക്കറി കൃഷി നടത്തി കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു.

3. പോളി ഹൗസ് നിർമ്മിച്ച് പച്ചക്കറിത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ ജൈവവള കീടനാശിനികൾ, വിത്ത് എന്നിവ വിതരണം ചെയ്തുവരുന്നു.

പാണാവള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 901

ചേർത്തല താലൂക്കിലെ പാണാവള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി.നമ്പർ 901-ന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കർഷക സേവന കേന്ദ്രങ്ങൾവഴി കർഷകർക്ക് കൃഷി ചെയ്യുന്നതിന് ആവശ്യമായ ഫലവൃക്ഷത്തൈകൾ, വിത്ത് എന്നിവ വിതരണം ചെയ്യുന്നതിന് നഴ്സറി നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നമ്പർ 3553, പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1282

മാവേലിക്കര താലൂക്കിലെ ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നമ്പർ 3553-നും കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ 1282-നും അനുവദിച്ച കർഷക സേവനകേന്ദ്രങ്ങൾവഴി ട്രാക്ടർ അടക്കമുള്ള കാർഷികോപകരണങ്ങൾ വാങ്ങി കർഷകർക്ക് വാടകയ്ക്ക് നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

നിക്ഷേപ സുരക്ഷാഫണ്ട് ബോർഡ്

79 (2067) ശ്രീ. എ. റ്റി ജോർജ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപ സുരക്ഷാഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാംതരം സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 2-7-2012-ലെ സ.ഒ.(പി)81/2012/സഹ(SRO 492/12) പ്രകാരം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly